## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3155** — **13/03/2017-ൽ മറുപടിയ്ക്ക്**

## ഹോർട്ടികോർപ്പിന്റെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.എസ്. ശബരിനാഥൻ<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ. വി.ടി. ബൽറാം | ശ്രീ. വി.എസ്. സുനിൽകുമാർ<br>(ബഹു. കൃഷി വകുപ്പ് മന്ത്രി) |
| എ) ഹോർട്ടികോർപ്പ് എപ്രകാരമാണ് ജില്ലകളിൽ ഉല്പന്നസംഭരണം ആരംഭിക്കുവാൻ പോകുന്നതെന്ന് വ്യക്തമാക്കുമോ; | എ) കർഷകർക്കും ഉപഭോക്താക്കൾക്കും ഒരുപോലെ പ്രയോജനപ്പെടും വിധം ഹോർട്ടികോർപ്പിന്റെയും വി.എഫ്.പി.സി.കെ.യുടെയും കൃഷി വകുപ്പിലെ മാർക്കറ്റിംഗ് വിഭാഗം ഉദ്യോഗസ്ഥരുടെ സംയുക്ത പരിശ്രമത്തിൽ ഉല്പന്നങ്ങൾ സംഭരിക്കുന്ന രീതി പുതിയതായി തുടങ്ങിക്കഴിഞ്ഞു. അതാത് പ്രദേശത്തെ പ്രതിനിധികളെ ഉൾപ്പെടുത്തി സംസ്ഥാന തലത്തിൽ നാല് സംഭരണ കമ്മിറ്റികൾ രൂപീകരിച്ച് സംഭരണം സുഗമമാക്കുന്നതിനും അന്നന്നുള്ള വിലനിലവാരം നിർണ്ണയിച്ച് വിതരണം സുഗമമാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. |
| ബി) കർഷകരിൽ നിന്നും ഉല്പന്നങ്ങൾ നേരിട്ട് സംഭരിക്കുവാൻ നടപ്പിലാക്കിയിട്ടുള്ള പദ്ധതി വ്യക്തമാക്കുമോ; | ബി) കർഷകരിൽ നിന്നുള്ള ഉല്പന്നങ്ങൾ അതാത് ജില്ലാ സംഭരണ കേന്ദ്രങ്ങൾ മുഖേന നേരിട്ട് സംഭരിച്ചുവരുന്നുണ്ട്. |
| സി) ഹോർട്ടികോർപ്പിന്റെ പൂട്ടിയ ഔട്ട് ലെറ്റുകൾ വീണ്ടും തുറന്ന പ്രവർത്തിപ്പിക്കുവാനും മൊബൈൽ സംവിധാനം പുന:സ്ഥാപിക്കുവാനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ? | സി) ഹോർട്ടികോർപ്പിന്റെ പൂട്ടിയ ഔട്ട് ലെറ്റുകൾ നിലവിലുള്ള ലൈസൻസികളെ കൊണ്ട് തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. നിലവിലുള്ള ലൈസൻസി-കൾക്ക് തുറന്ന് പ്രവർത്തിപ്പിക്കുവാൻ താല്പര്യമില്ലാത്തപക്ഷം പുതിയ ലൈസൻസികളെ കണ്ടെത്തി സ്റ്റാളിന്റെ പ്രവർത്തനം പുന:രാരംഭിക്കുന്നതിനും നടപടി സ്വീകരിക്കുന്ന-താണ്. മൊബൈൽ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ